## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## ആറാമത് റിപ്പോർട്ട്

**[സമിതി (2016-2019) യുടെ നാലാമത് റിപ്പോർട്ടിലെ (മറുനാടൻ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2023 മാർച്ച് 2 -ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## ആറാമത് റിപ്പോർട്ട്

[സമിതി (2016-2019) യുടെ നാലാമത് റിപ്പോർട്ടിലെ (മറുനാടൻ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

(2023 മാർച്ച് 2 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

| | | |
|---|---|---|
| അദ്ധ്യായം - 1 - | സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | 3 |
| അദ്ധ്യായം - 2 - | റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം. | 19 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-23)

## ഘടന

അദ്ധ്യക്ഷൻ :-

ശ്രീ. എ.സി. മൊയ്തീൻ, എം.എൽ.എ.

അംഗങ്ങൾ :-

ശ്രീ. എ.കെ.എം. അഷ്റഫ്, എം.എൽ.എ.

ഡോ. കെ.ടി. ജലീൽ, എം.എൽ.എ.

ശ്രീ. മാണി സി. കാപ്പൻ, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി.കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ടിൽ രണ്ട് അധ്യായങ്ങളാണുള്ളത്. സമിതി (2016-19)യുടെ നാലാമത് റിപ്പോർട്ടിലെ (മറുനാടൻ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ ഒന്നാം അധ്യായത്തിലും ഇനിയും സർക്കാരിൽ നിന്ന് മറുപടി ലഭിക്കാനുള്ള ശിപാർശകളും സമിതി ആരാഞ്ഞ അധികവിവരവും രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 ഡിസംബർ 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എ.സി. മൊയ്തീൻ,**
അദ്ധ്യക്ഷൻ,
പ്രവാസി മലയാളികളുടെ ക്ഷേമം
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023 മാർച്ച് 2

# റിപ്പോർട്ട്

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തിൽ അധിഷ്ഠിതമായ ഒരു ഭരണ സംവിധാനമാണ് നമുക്കുള്ളത്. വ്യത്യസ്ത ഭാഷയും സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും ആഹാരരീതികളുമുള്ള ജനസമൂഹങ്ങളുടെയും വ്യത്യസ്ത ഭൂപ്രകൃതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും സംഗമ ഭൂമിയാണ് ഭാരതം. ഒരു രാജ്യത്തിന്റെ ഭാഗമാണെങ്കിലും സംസ്ഥാനങ്ങൾ തമ്മിൽ വിവിധ വിഷയങ്ങളിൽ വലിയ അന്തരമുണ്ട്. അതുകൊണ്ടുതന്നെ കേരളം വിട്ട് ഇതര സംസ്ഥാനങ്ങളിൽ പഠനവും തൊഴിലും ജീവിതമാർഗ്ഗങ്ങളും അന്വേഷിച്ചെത്തുന്ന ഓരോ മലയാളിയും സ്വന്തം അസ്ഥിത്വത്തിനും നിലനിൽപ്പിനുമായി അക്ഷീണം പോരാടേണ്ടി വരുന്നു. മറ്റു രാജ്യങ്ങളിലുള്ള പ്രവാസികൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ജീവിതസൗകര്യങ്ങളും അകം പ്രവാസികൾക്ക് അന്യമാണ് എന്നത് ഖേദകരമായ അവസ്ഥയാണ്. വിവേചനപരമായ ഈ അവസ്ഥ നേരിട്ടു മനസ്സിലാക്കുന്നതിനും സമിതിയ്ക്ക് സാധ്യമായ എല്ലാ സഹായങ്ങളും പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് സമിതി (2016-19) ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുകയും ചെയ്തത്.

പ്രവാസ മനസ് ശിഥിലമായി തീരുന്നതിന് മനഃശാസ്ത്രപരമായ പല കാരണങ്ങളുണ്ട്. പ്രവാസം എന്നത് ഒരു പറിച്ചുനടലാണ്. ഒരിക്കൽ പ്രവാസിയായിക്കഴിഞ്ഞാൽ അയാളെ അങ്ങനെ തന്നെ കാണാനാണ് കുടുംബവും സമൂഹവും ആഗ്രഹിക്കുന്നത്.

ബാധ്യതകളിൽ നിന്നും കരകയറാനും മെച്ചപ്പെട്ട ജീവിതരീതി സ്വായത്തമാക്കാനും പ്രവാസം സ്വപ്നം കണ്ട് അതിലേയ്ക്ക് കാലെടുത്തുവയ്ക്കുന്നവരാണ് പ്രവാസികൾ. ആരാലും അർഹമായ പരിഗണന ലഭിയ്ക്കാതെ പോകുന്ന ഒരു വിഭാഗം പ്രവാസികളുടെ ദുരിതകാലചിത്രം കൃത്യമായി വരച്ചിടാനും പ്രവാസികളുടെ ആനുകാലികപ്രശ്നങ്ങളിൽ സമയോചിതമായി ഇടപെട്ട് സമിതിയുടെ അധികാര

പരിധിയിൽ നിന്നുകൊണ്ട് സാദ്ധ്യമായ എല്ലാ സഹായങ്ങളും പ്രവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയും മുന്നോട്ട് പോകുകയും ചെയ്യുന്ന സമിതിയാണ് കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിൽ (മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും അവയ്ക്ക് ശാശ്വതമായ പരിഹാരം കാണുന്നതിലേയ്ക്കായുള്ള ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ 21 ശിപാർശകൾക്ക് വിനോദസഞ്ചാരം, കേരളീയ പ്രവാസികാര്യം, ഗതാഗതം, നികുതി, പൊതുഭരണം (പൊളിറ്റിക്കൽ), സാംസ്കാരിക-കാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 01.09.21, 15.03.22 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിനോദസഞ്ചാരം, കേരളീയ പ്രവാസികാര്യം, ഗതാഗതം, നികുതി, പൊതുഭരണ (പൊളിറ്റിക്കൽ), സാംസ്കാരികകാര്യം എന്നീ വകുപ്പുകളിൽ നിന്ന് ലഭിച്ച നടപടി റിപ്പോർട്ടുകൾ ഒന്നാം അധ്യായത്തിലും ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശയും അധികവിവരവും രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# അധ്യായം-I

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

### ശിപാർശ-1

കർണ്ണാടകയിലെ ബംഗളൂരുവിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി എത്തിച്ചേരുന്ന മലയാളികൾക്ക് സഹായ കേന്ദ്രവും കോൾസെന്ററും ഉൾക്കൊള്ളുന്ന കേരള ഹൗസ് ആരംഭിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### വിനോദസഞ്ചാരവകുപ്പ് സ്വീകരിച്ച നടപടി

നിലവിൽ കർണ്ണാടകയിലെ ബംഗളൂരുവിൽ ടൂറിസം വകുപ്പിന് സ്ഥലം ഇല്ല. ആയതിനാൽ ഈ വിഷയം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന വിവരം അറിയിക്കുന്നു. ഇക്കാര്യത്തിൽ അനുയോജ്യമായ നടപടി സ്വീകരിച്ച് നിയമസഭയ്ക്ക് മറുപടി നൽകുവാൻ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(വിനോദസഞ്ചാര (സി) വകുപ്പ് 27.10.2018-ലെ സി3/125/2018-ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക സമിതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

### ശിപാർശ -2

ബംഗളൂരുവിൽ നോർക്കയുടെ കീഴിൽ ഒരു വനിതാ ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### കേരളീയ പ്രവാസികാര്യവകുപ്പ് സ്വീകരിച്ച നടപടി

ഇപ്പോൾ പരിഗണനയിലില്ല.

(കേരളീയ പ്രവാസികാര്യ(ബി) വകുപ്പ് 10.02.2020-ലെ ബി2/252/2018-നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ -3

ബംഗളൂരുവിൽ നിന്ന് കേരളത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് കാര്യക്ഷമമാക്കാനും, സ്കാനിയ, വോൾവോ തുടങ്ങിയ ഹൈടെക് സർവ്വീസുകൾ വിപുലപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാൻ സമിതി ഗതാഗത വകുപ്പിനോടാവശ്യപ്പെടുന്നു.

## ഗതാഗത(എ)വകുപ്പ് സ്വീകരിച്ച നടപടി

കർണ്ണാടക സംസ്ഥാനവുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരമാണ് ഇരു സംസ്ഥാനങ്ങളും അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നത്. നിലവിൽ 54637.4 കിലോമീറ്റർ വീതം രണ്ട് സംസ്ഥാനങ്ങൾക്കും സർവ്വീസ് നടത്തുവാൻ കഴിയും. കോവിഡ് ലോക്ക്ഡൗണിന്റെ ഭാഗമായ ഗതാഗത നിയന്ത്രണങ്ങൾ വരുത്തുന്നതിന് മുൻപ് കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളിൽ നിന്ന് ബംഗളൂരുവിലേക്ക് 49 സർവ്വീസുകൾ ദിനംപ്രതി നടത്തിയിരുന്നു. യാത്രക്കാർ കൂടുതലുള്ള വാരാദ്യ-വാരാന്ത്യ ദിനങ്ങളിലും, മറ്റ് വിശേഷ അവധി ദിവസങ്ങളിലും അധിക സർവ്വീസുകൾ നടത്തുന്നതിനുള്ള കരാർ വ്യവസ്ഥ പ്രകാരവും സർവ്വീസുകൾ നടത്തിവരുന്നു. നിലവിൽ മൾട്ടി ആക്സിൽ AC, സ്കാനിയ, വോൾവോ, ഡീലക്സ്, സൂപ്പർ എക്സ്പ്രസ് ശ്രേണിയിൽപ്പെട്ട ഹൈടെക് ബസ്സുകളും ബാംഗ്ലൂർ സർവ്വീസുകൾക്കായി ഉപയോഗിക്കുന്നുണ്ട്. കൂടുതൽ എ.സി. ലക്ഷ്വറി ബസ്സുകളും, സ്ലീപ്പർ ബസ്സുകളും ലഭ്യമാക്കി ദീർഘദൂര, അന്തർ സംസ്ഥാന സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഗതാഗത(എ)വകുപ്പ് 08.11.2021-ലെ A4/63/2021-TRANS നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

### ശിപാർശ-4

കേരളത്തിൽ നിന്നും ഹൈദരാബാദിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് കാര്യക്ഷമമായി നടത്താനുള്ള നടപടി കൈക്കൊള്ളുവാൻ സമിതി കെ.എസ്.ആർ.ടി.സി. -യോടും ഗതാഗത വകുപ്പിനോടും ശിപാർശ ചെയ്യുന്നു.

### ഗതാഗത(എ)വകുപ്പ് സ്വീകരിച്ച നടപടി

കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന കരാർ പ്രകാരമാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തി വരുന്നത്. നിലവിൽ തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുമായികൂടി അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടുന്നകാര്യം സഗൗരവം പരിഗണിയ്ക്കുന്നതാണ്.

(ഗതാഗത(എ)വകുപ്പ് 08.11.2021-ലെ A4/63/2021-TRANS നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

### ശിപാർശ -5

കേരളത്തിൽ നിന്നുള്ള തീവണ്ടികൾ ബസനവാടി വരെയാക്കി ചുരുക്കാനുള്ള ശ്രമം ഒഴിവാക്കാനും കേരളത്തിൽ നിന്നും ഹൈദരാബാദ്, മുംബൈ, ബംഗളൂരു, ഡൽഹി എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ തുടങ്ങാനും കേന്ദ്രസർക്കാരിനോടഭ്യർത്ഥിക്കാൻ സമിതി സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

### ഗതാഗത (ഡി) വകുപ്പ് സ്വീകരിച്ച നടപടി

ഈ വിഷയത്തിന്മേൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്ന് ചെയർമാൻ, റെയിൽവേ ബോർഡ്, ജനറൽ മാനേജർ, സതേൺ റെയിൽവേ, ചെന്നൈ എന്നിവരോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. ഹൈദരാബാദ്, ബംഗളൂരു തുടങ്ങിയ സ്ഥലങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ഗതാഗത (ഡി) വകുപ്പ് 26.06.2019-ലെ ഡി2/216/2018/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 6

ഡൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ്, ചെന്നൈ തുടങ്ങി മലയാളികൾ കൂട്ടതലായി താമസിക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ-യുടെ ശാഖകൾ തുടങ്ങുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നികുതി(എച്ച്)വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 6-ലെ ശിപാർശയായ ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ ആരംഭിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന നിർദ്ദേശം, കെ.എസ്.എഫ്.ഇ.-യുടെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിക്കുന്നു.

(നികുതി(എച്ച്)വകുപ്പ് 28.01.2020-ലെ എച്ച്2/214/2018/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 7

ഹൈദരാബാദിൽ നോർക്കയുടെ സ്ഥിരം ഉദ്യോഗസ്ഥനെ അടിയന്തരമായി നിയമിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി

നിലവിൽ ഓരോ സംസ്ഥാനങ്ങളിലെയും മലയാളികളുടെ പ്രശ്നങ്ങൾ

മനസ്സിലാക്കി അവ പരിഹരിക്കാനും അപേക്ഷകളും പരാതികളും സ്വീകരിക്കുന്നതിനുമായി ആവശ്യമായ ജീവനക്കാരെ ഓരോ സെല്ലുകളിലേക്കും നിയോഗിച്ചിട്ടുണ്ട്. നിലവിൽ ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിൽ നോർക്ക-റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകളും ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ നോർക്ക ഡെവലപ്പ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യവകുപ്പ് 10.02.2020-ലെ ബി2/252/2018 നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ - 8

ചെന്നൈ, കൊൽക്കത്ത, പൂനെ, ഔറംഗബാദ്, ജയ്പൂർ തുടങ്ങിയ മലയാളികൾ കൂടുതൽ അധിവസിക്കുന്ന എല്ലാ മഹാനഗരങ്ങളിലും നോർക്കയുടെ ഓഫീസ് ആരംഭിക്കണമെന്നും അവയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ സ്റ്റാഫിനെ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യവകുപ്പ് സ്വീകരിച്ച നടപടി

മറുനാടൻ മലയാളികൾ കൂടുതലായി താമസിക്കുന്ന സംസ്ഥാനങ്ങളിൽ നോർക്കയുടെ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സെല്ലുകളിലേക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അതാത് സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നുമുണ്ട്. നിലവിൽ ഓരോ സംസ്ഥാനങ്ങളിലേയും മലയാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനും അപേക്ഷകളും പരാതികളും സ്വീകരിക്കുന്നതിനുമായി ആവശ്യമായ ജീവനക്കാരെ ഓരോ സെല്ലുകളിലേക്കും നിയോഗിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യവകുപ്പ് 10.02.2020-ലെ ബി2/252/2018/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)

## ശിപാർശ - 9

മുംബൈ കേരളഹൗസിന്റെ മുകൾനിലയിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## വിനോദസഞ്ചാര(സി)വകുപ്പ് സ്വീകരിച്ച നടപടി

മുംബൈ കേരളഹൗസിന്റെ ചോർച്ച ഉൾപ്പെടെയുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനും മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി 20.10.2016 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.346/16/Tsm പ്രകാരം 2,98,00,000/- രൂപയുടെ അനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പൊതുമരാമത്ത്വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(വിനോദസഞ്ചാര(സി)വകുപ്പ് 27.10.2018-ലെ സി3/125/2018-ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## ശിപാർശ - 10

ഡൽഹി, മുംബൈ കേരളഹൗസിലെ ഹാളുകൾ മലയാളി സംഘടനകളുടെ സാംസ്കാരിക പരിപാടികൾക്ക് വാടകയിൽ ഇളവനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വിനോദസഞ്ചാര(സി)വകുപ്പ് സ്വീകരിച്ച നടപടി

ഡൽഹി കേരളഹൗസ് ടൂറിസം വകുപ്പിന് കീഴിലല്ല. മുംബൈ കേരളഹൗസിലെ ഹാളുകളുടെ വാടക ഇളവ് നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നത് സർക്കാരിലെ പൊതുഭരണ പൊളിറ്റിക്കൽ വകുപ്പാണ്. ഇക്കാര്യത്തിൽ അനുയോജ്യമായ നടപടി സ്വീകരിച്ച് നിയമസഭയ്ക്ക് മറുപടി നൽകുവാൻ പൊതുഭരണ(പൊളിറ്റിക്കൽ) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുഭരണ(പൊളിറ്റിക്കൽ)വകുപ്പ് സ്വീകരിച്ച നടപടി

23.08.2017-ലെ സ.ഉ.(എം.എസ്.)നം.276/17/പൊ.ഭ.വ. പ്രകാരം ഡൽഹി കേരളഹൗസിലും 23.05.2018-ലെ സ.ഉ.(സാധാ)നം. 3308/18/പൊ.ഭ.വ. പ്രകാരം മുംബൈ കേരളഹൗസിലും സാമൂഹിക-സാംസ്കാരിക സംഘടനകൾക്ക് കോൺഫറൻസ് ഹാൾ നൽകുന്നതിനുള്ള വാടകനിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിലെ വാടക നിരക്ക് ചുവടെ പറയും പ്രകാരമാണ്.

| ഡൽഹി | | | മുംബൈ | | |
|---|---|---|---|---|---|
| 6 മണിക്കൂറിൽ കൂടുതൽ | 3 മുതൽ 6 മണിക്കൂർ വരെ | 3 മണിക്കൂറിൽ താഴെ | 6 മണിക്കൂറിൽ കൂടുതൽ | 3 മുതൽ 6 മണിക്കൂർ വരെ | 3 മണിക്കൂറിൽ താഴെ |
| 10,000/- | 6,000/- | 3,000/- | 15,000/- | 7,500/- | 5,000/- |

മെട്രോ നഗരങ്ങളായ ഡൽഹി, മുംബൈ എന്നിവിടങ്ങളിലെ സാമൂഹിക-സാംസ്കാരിക സംഘടനകൾക്ക് ചെലവു വഹിക്കാൻ കഴിയുന്ന തരത്തിലുള്ള വാടക നിരക്കാണ് ഡൽഹി, മുംബൈ കേരള ഹൗസിലെ ഹാളുകൾക്ക് നിലവിലുള്ളത്. ആയതിനാൽ പ്രസ്തുത ഹാളുകളുടെ വാടക നിരക്ക് ഇനിയും കുറയ്ക്കണമെന്ന ശിപാർശ പരിഗണനാർഹമല്ല.

(വിനോദസഞ്ചാര (സി) വകുപ്പ് 27.10.2018-ലെ സി3/125/2018/ടൂറിസം നമ്പർ കത്ത് പ്രകാരവും പൊതുഭരണപൊളിറ്റിക്കൽ വകുപ്പ് 14.06.2019-ലെ 56/പോൾ 2 എ/2019/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരവും ലഭ്യമാക്കിയ റിപ്പോർട്ടുകൾ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 11

മുംബൈ, ഡൽഹി കേരളഹൗസുകളിൽ, മലയാളം മിഷന് സ്വന്തം ആസ്ഥാനമുണ്ടാകുന്നതുവരെ പ്രവർത്തിക്കാൻ അവസരം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## വിനോദസഞ്ചാര(സി)വകുപ്പ് സ്വീകരിച്ച നടപടി

മുംബൈ കേരളഹൗസിൽ 12 മുറികളും ഒരു ഹാളും 2 ഡോർമിറ്ററിയുമാണ് ഉള്ളത്. വളരെ പരിമിതമായ സൗകര്യങ്ങൾ ഉള്ള കേരളഹൗസിൽ അതിഥികൾ എപ്പോഴും താമസത്തിന് ഉണ്ടാവാറുണ്ട്. വിശിഷ്ടവ്യക്തികൾ ഉൾപ്പെടെയുള്ള അതിഥികൾക്ക് പോലും താമസിക്കുന്നതിന് ആവശ്യത്തിന് മുറികൾ ലഭ്യമല്ലാത്ത സാഹചര്യം പലപ്പോഴും ഉണ്ടാവാറുണ്ട്. ടി സാഹചര്യത്തിൽ മലയാളം മിഷന് പ്രവർത്തിക്കാൻ സ്ഥലം അനുവദിച്ചുനൽകുന്നത് അവിടെ താമസത്തിന് വരുന്ന അതിഥികൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുകയും അവരുടെ പരാതിക്ക് ഇട നൽകുകയും ചെയ്യും. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് മറ്റു സംഘടനകൾ മുന്നോട്ട് വരാനും ഇടയുണ്ട്. ആയതിനാൽ മലയാളം മിഷന് കേരളഹൗസിൽ സ്ഥലം നൽകുന്നത് പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

(വിനോദസഞ്ചാര(സി)വകുപ്പ് 27.10.2018-ലെ ടൂർ-സി3/125/2018-ടൂറിസം നമ്പർ കത്ത് ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 12

മറുനാടുകളിൽ നിയമിക്കപ്പെടുന്ന നോർക്ക ഉദ്യോഗസ്ഥർ അവിടങ്ങളിൽ ജോലി ചെയ്യാൻ വിമുഖത കാണിക്കുകയും നാട്ടിലേക്കു തിരിച്ചു വരുവാനുള്ള നടപടികളുമായി കഴിയുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുന്നു. ഇതിനു പരിഹാരമായി നോർക്കയിലേക്കുള്ള നിയമനങ്ങൾ സെക്രട്ടേറിയറ്റ് തസ്തികകൾക്കു മാത്രമായി ചുരുക്കാതെ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിൽനിന്നുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്രസേവനത്തിനു അപേക്ഷ ക്ഷണിച്ച് താല്പര്യമുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി**

മറുനാട്ടുകളിൽ നിയമിക്കപ്പെടുന്ന നോർക്ക ഉദ്യോഗസ്ഥർ അവിടങ്ങളിൽ ജോലി ചെയ്യാൻ വിമുഖത കാണിക്കുന്ന പ്രവണത ഇപ്പോൾ നിലനൽക്കുന്നില്ല. മറുനാട്ടുകളിലെ നോർക്ക കാര്യാലയങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ഫലപ്രദമായും കാര്യക്ഷമമായും പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണാൻ സഹായകരമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 28.07.2021-ലെ ബി2/153/2021-നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 01.09.2021-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 13**

മറുനാട്ടുകളിലെ നോർക്ക ഓഫീസുകളിലേക്ക് താൽക്കാലിക നിയമനം നടത്തുകയാണെങ്കിൽ അത് മറുനാടൻ മലയാളികളിൽ നിന്നാവണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി**

ശിപാർശ പരിശോധിക്കുന്നതാണ്.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018-നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 14**

കാരുണ്യപദ്ധതി പ്രകാരം മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ധനസഹായം കാലോചിതമായ വർദ്ധിപ്പിക്കേണ്ടതിന്റെയും നടപടിക്രമങ്ങൾ ലഘൂകരി-ക്കേണ്ടതിന്റെയും ആവശ്യകത സമിതി ഊന്നിപ്പറയുന്നു. മൃതദേഹം നാട്ടിലെത്തിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന സംഘടനകൾക്കോ അല്ലെങ്കിൽ

അവർ നിർദ്ദേശിക്കുന്ന അനന്തരാവകാശികൾക്കോ ധനസഹായം നൽകേണ്ടതാണ്. ഇതിനായി ഒരു സ്ഥിരം ഫണ്ടുണ്ടാക്കുകയും അവിടത്തെ നോർക്ക ഓഫീസർക്കുതന്നെ വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മലയാളി സംഘടനകൾ വഴി, മൃതദേഹം കൊണ്ടുപോകുന്നതിനായി തുക ഭാഗികമായോ മുഴുവനായോ അനുവദിക്കാനുള്ള അനുമതി നൽകുന്ന രീതിയിൽ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി</u>**

വിദേശത്ത് മരണപ്പെടുന്ന പ്രവാസി കേരളീയന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് മരണമടയുന്ന പ്രവാസിയുടെ നിയമാനുസൃതമായ അവകാശികൾക്ക് മാത്രമാണ് കാരുണ്യം പദ്ധതി പ്രകാരം നാളിതുവരെയായി ധനസഹായം അനുവദിച്ച് വന്നിരുന്നത്. 2017-18 ലെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ, മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുന്ന സംഘടനൾക്ക് കൂടി ചെലവാകുന്ന തുക മടക്കി നൽകുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി തുക സംഘടനകൾക്കും നൽകാൻ ഉതകുന്ന തരത്തിൽ പദ്ധതി പുനരാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(കേരളീയപ്രവാസികാര്യ(ബി)വകുപ്പ് 10.02.2020 -ലെ ബി2/252/2018/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

**<u>ശിപാർശ - 15</u>**

ബംഗളൂരു, മുംബൈ എന്നിവിടങ്ങളിൽ കേരളത്തിന്റെ സാംസ്കാരികത്തനിമയും പൈതൃകവും വിളിച്ചോതുന്ന കേരള ഗ്രാമം ആരംഭിക്കുന്ന കാര്യം പരിശോധിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## സാംസ്കാരിക(സി)വകുപ്പ് സ്വീകരിച്ച നടപടി

ബംഗളൂരു, മുംബൈ എന്നിവിടങ്ങളിൽ കേരളത്തിന്റെ സാംസ്കാരികത്തനിമയും പൈതൃകവും വിളിച്ചോതുന്ന 'കേരളഗ്രാമം' ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ലെന്ന് അറിയിക്കുന്നു.

## കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി

ഇപ്പോൾ പരിഗണനയിലില്ല.

(സാംസ്കാരികകാര്യ(സി)വകുപ്പ് 27.09.2018-ലെ 69/സി1/18 സാം.ക.വ. നമ്പർ കത്ത് പ്രകാരവും, കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018- നോർക്ക നമ്പർ കത്ത് പ്രകാരവും ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ - 16

മലയാളികൾ ധാരാളമായി താമസിക്കുന്ന പ്രദേശങ്ങളിൽ നോർക്കയുടെ ഓഫീസ് തുറക്കുകയും മലയാളി സംഘടനാ പ്രതിനിധികളെയും പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത സമിതി മറുനാടൻ മലയാളികളെ കേരളവുമായി കോർത്തിണക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കാൻ സാധിക്കുന്ന രീതിയിൽ രൂപപ്പെടുത്തേണ്ടതാണ്.

## കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി

നിലവിൽ ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിൽ നോർക്ക-റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകളും ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ നോർക്ക ഡെവലപ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, അധിവസിക്കുന്ന പ്രവാസികളെ കൂട്ടിയോജിപ്പിച്ചുകൊണ്ടും കേരള നിയമസഭാ സാമാജികരെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി

മലയാളികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടും രൂപീകരിച്ചിട്ടുള്ള ലോക കേരള സഭ, ഉപദേശ സ്വഭാവമുള്ളതും, പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള വേദിയായി വർത്തിക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018-നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

**ശിപാർശ - 17**

കേരള സർക്കാരും പ്രവാസി കേരളീയ കാര്യ വകുപ്പും നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് മറുനാട്ടുകളിലെ എല്ലാ മലയാളികൾക്കും അറിവു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി**

നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന നടത്തുന്ന ക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ മറുനാടൻ മലയാളികൾക്കിടയിൽ എത്തിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ നോർക്ക ഡെവലപ്പ്മെന്റ് ഓഫീസുകൾ, സാറ്റലൈറ്റ് ഓഫീസുകൾ മുഖേന നടത്തിവരുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 18**

നോർക്ക റൂട്ട്സിന്റെയും ക്ഷേമനിധി ബോർഡിന്റെയും പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് വിവരിക്കുന്ന ബ്രോഷറുകളും ലഘുലേഖകളും മറുനാട്ടുകളിലെ മലയാളികൾക്കെത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി**

ബ്രോഷറുകളും ലഘുലേഖകളും മുഖേന നോർക്ക റൂട്ട്സിന്റെയും ക്ഷേമനിധി ബോർഡിന്റെയും പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ മറുനാട്ടുകളിലെ മലയാളികളിലെത്തിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2022-ലെ ബി2/252/2018/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു)

**ശിപാർശ -19**

ഇന്ത്യയുടെ പല നഗരങ്ങളിലും ലക്ഷക്കണക്കിന് മലയാളികൾ താമസിക്കുന്നുവെങ്കിലും ഓരോ നഗരത്തിലും എത്രപേരുണ്ടെന്നോ അവരെ സംബന്ധിച്ച വിവരങ്ങളോ ആർക്കുമറിവില്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അതിനാൽ മലയാളി സംഘടനകളുടെ സഹായത്തോടെ എല്ലാ നഗരങ്ങളിലെയും മുഴുവൻ മലയാളികളുടെയും സ്ഥിതിവിവരകണക്കുകളെടുക്കാനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് സ്വീകരിച്ച നടപടി**

ഇപ്രകാരം സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നില്ല.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 20**

ആവശ്യത്തിനു പുസ്തകങ്ങൾ ലഭ്യമാക്കിയും, അദ്ധ്യാപകർക്കു പരിശീലനം

നൽകിയും ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയും മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാംസ്കാരിക(സി)വകുപ്പ് സ്വീകരിച്ച നടപടി**

ആവശ്യത്തിന് പുസ്തകങ്ങൾ നൽകുന്നതിനും കൃത്യമായി അധ്യാപക പരിശീലനം നൽകുന്നതിനും മലയാളം മിഷൻ ജാഗരൂകമാണ്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ബാംഗ്ലൂരിൽ വിപുലമായ രീതിയിൽ സംഘടിപ്പിച്ചിരുന്നു. എന്നാൽ, പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനോ പുസ്തകങ്ങളും രേഖകളും സൂക്ഷിക്കുന്നതിനോ ഒരു ഓഫീസ് സംവിധാനം നിലവിലില്ല. അതിനാൽ, പരിപാടികളും പരീക്ഷകളും വാടകയ്ക്കെടുക്കുന്ന ഹാളിലാണ് നടത്തിവരുന്നത്. ബാംഗ്ലൂരിൽ കേരളഹൗസ് വന്നാൽ വലിയൊരളവിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സാധിക്കും.

കഴിഞ്ഞ ആറു മാസത്തിനിടയിൽ മലയാളം മിഷൻ പ്രവർത്തനങ്ങൾ തെലങ്കാനയിൽ നടത്തിയിട്ടുണ്ട്. നൂറോളം അധ്യാപകർക്ക് പരിശീലനം നൽകുന്നതിനും വിവിധ പ്രദേശങ്ങളിൽ രണ്ട് മേഖലകൾക്ക് കീഴിലായി ധാരാളം പഠനകേന്ദ്രങ്ങൾ തുറക്കുന്നതിനും ആവശ്യമായ പുസ്തകങ്ങൾ അയച്ചു കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ മലയാളം മിഷന് സ്വന്തമായി ഓഫീസ് ലഭിക്കുകയാണെങ്കിൽ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കുവാൻ സാധിക്കും.

(സാംസ്കാരികകാര്യ(സി)വകുപ്പ് 27.09.2018-ലെ 69/സി1/18/സാം.ക.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

**ശിപാർശ - 21**

ഇന്ത്യയിലെ, ഒരുപക്ഷെ ലോകത്തിലെ തന്നെ, ആദ്യ പ്രവാസിക്ഷേമനിധി ബോർഡായിരിക്കാം കേരളത്തിലേത്. ഗൗരവതരമായ ചില നടപടികളിലൂടെ ഇതു

ലോകത്തിലെ മികച്ച ക്ഷേമനിധി ബോർഡാക്കി മാറ്റാൻ സാധിക്കും. ഫണ്ട് സ്വരൂപണമാണ് ഇതിന്റെ പ്രധാന വെല്ലുവിളി. ആയതിനാൽ വർഷത്തിൽ ഒന്നോ രണ്ടോ തവണ കേരള സർക്കാരിന്റെ കീഴിൽ പ്രവാസി ലോട്ടറി നടത്തി അതിന്റെ വിഹിതം പ്രവാസി ക്ഷേമനിധിയിലേക്ക് നൽകിയും വിമാനയാത്രികരിൽ നിന്നും നാമമാത്ര തുക ഈടാക്കിയും പ്രവാസി കേരളീയ ക്ഷേമബോർഡിലേക്ക് ഫണ്ട് സ്വരൂപിക്കാനുള്ള നടപടി ആരംഭിക്കുന്ന കാര്യം സഗൗരവം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>കേരളീയ പ്രവാസികാര്യവകുപ്പ് സ്വീകരിച്ച നടപടി</u>**

കേരള സർക്കാരിന്റെ കീഴിൽ പ്രവാസി ലോട്ടറി നടത്തുന്നതിന്റെ വിഹിതം ക്ഷേമനിധിയിലേക്ക് നൽകണം എന്നത് സംബന്ധിച്ചും വിമാനയാത്രികരിൽ നിന്നും നാമമാത്രമായ തുക ഈടാക്കി കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ ഫണ്ട് സ്വരൂപിക്കുന്നത് സംബന്ധിച്ചും വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായതിനാൽ തൽക്കാലം പരിഗണനയിലില്ല.

(കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 10.02.2020-ലെ ബി2/252/2018/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 15.03.2022-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

# അധ്യായം - II

## റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശയും സമിതി ആരാഞ്ഞ അധിക വിവരവും സംബന്ധിച്ച വിശദാംശം

### ശിപാർശ - 1

കർണ്ണാടകയിലെ ബംഗളൂരുവിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി എത്തിച്ചേരുന്ന മലയാളികൾക്ക് സഹായകേന്ദ്രവും കോൾ സെന്ററും ഉൾക്കൊള്ളുന്ന കേരള ഹൗസ് ആരംഭിക്കുവാൻ ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശയിന്മേൽ പൊതുഭരണ പൊളിറ്റിക്കൽ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരങ്ങൾ

### ശിപാർശ - 8

ഇന്ത്യയുടെ ഏതെല്ലാം സ്ഥലങ്ങളിൽ നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നു, അവിടെ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ.

### ശിപാർശ - 9

മുംബൈ കേരള ഹൗസിന്റെ ചോർച്ച ഉൾപ്പെടെയുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയതായി അറിയിച്ചിരുന്നു. ടി വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി.

### ശിപാർശ - 14

വിദേശത്ത് മരണപ്പെടുന്ന പ്രവാസിയുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുന്ന സംഘടനകൾക്ക് ചെലവാകുന്ന തുക മടക്കി നൽകുന്നതിനാവശ്യമായ പദ്ധതിയുടെ നിലവിലെ സ്ഥിതി.

**ശിപാർശ - 16**

മലയാളികൾ ധാരാളമായിട്ടുള്ള പ്രദേശങ്ങളിൽ നോർക്കയുടെ ഓഫീസ് തുറക്കുകയും മലയാളി സംഘടന പ്രതിനിധികളെയും പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കണമെന്നുള്ള ശിപാർശയിന്മേൽ സ്വീകരിച്ച നടപടി.

**ശിപാർശ - 21**

പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ സുഗമമായ നടത്തിപ്പിന് വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ക്ഷേമ-നിധിയിലേയ്ക്ക് സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചി-ട്ടുണ്ടോയെന്നുമുള്ള വിശദാംശം.

സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 1 -ലെ ശിപാർശയിന്മേൽ പൊതുഭരണ വകുപ്പിൽ നിന്ന് നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ ശിപാർശ 8, 14, 16, 21 എന്നീ ശിപാർശയിന്മേൽ സമിതിയുടെ 15.03.2021-ലെ യോഗത്തിൽ ആരാഞ്ഞ അധിക വിവരത്തിന് കേരളീയ പ്രവാസികാര്യ വകുപ്പിൽ നിന്നും ശിപാർശ 9 -ന് വിനോദസഞ്ചാര വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ ശിപാർശയിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എ.സി. മൊയ്തീൻ,**
അദ്ധ്യക്ഷൻ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023 മാർച്ച് 2